പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3595 08.11.2019-ലെ മറുപടിക്ക്

## ഇരിങ്ങാലക്കുട ഡിപ്പോയിലെ ബസ് സർവ്വീസുകൾ

**ചോദ്യം**

പ്രൊഫ.കെ.യു. അരുണൻ

**മറുപടി**

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇരിങ്ങാലക്കുട കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ നിന്നും തിരുവനന്തപുരത്തേക്ക് ഉണ്ടായിരുന്ന സൂപ്പർ ഫാസ്റ്റ് ബസ് സർവ്വീസ് നിറുത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഒരു ബസ് നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം, ആർ.സി.സി., ശ്രീചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലേക്ക് നിരവധി ആളുകൾ യാത്രയ്ക്കായി ആശ്രയിച്ചിരുന്ന ഈ ബസ് സർവ്വീസ് പുനസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള (എം.സി റോഡ് വഴിയും, എൻ.എച്ച് വഴിയുമുള്ള) ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർ ഫാസ്റ്റ് ചെയിൻ സർവ്വീസ് 06.05.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം - കോട്ടയം, തിരുവനന്തപുരം - എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 04.8.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുടയിൽ നിന്നും നിർത്തലാക്കിയ ബസ്സിന്റെ അതേ സമയത്ത് തന്നെ ആലുവായിലേയ്ക്ക് മറ്റൊരു സർവ്വീസ് പുനഃക്രമീകരിച്ചിട്ടുമുണ്ട്. ആയതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഡിപ്പോയിൽ നിന്നും കോട്ടയത്തേക്കുള്ള ബസ് സർവ്വീസും പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**